LIBRARY ARCHIVES Kerala Legislative Assembly

ഹരിപ്പാട് നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോർ

79 (1644) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടില്ലാത്തതെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ മാവേലിസ്റ്റോർ അനുവദിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുമോ ;

(സി) എങ്കിൽ എന്നത്തേക്ക് പ്രസ്തുത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിലെ വിയ്യപുരം, കുമാരപുരം, കരുവാറ്റ എന്നീ പഞ്ചായത്തുകളിൽ ഇപ്പോൾ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല.

(ബി&സി) പ്രസ്തുത പഞ്ചായത്തുകളിൽ കരുവാറ്റയിൽ മാവേലിസ്റ്റോർ തുടങ്ങുന്നതിനായി ലഭിച്ച അപേക്ഷയിന്മേൽ ആവശ്യമായ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി റീജിയണൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനനുസരിച്ച് പ്രസ്തുത പഞ്ചായത്തുകളിൽ സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ചാത്തൻതറ, തടിയൂർ എന്നീ സ്ഥലങ്ങളിൽ മാവേലിസ്റ്റോർ ആരംഭിക്കാൻ നടപടി

80 (1647) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെച്ചൂച്ചിറ പഞ്ചായത്തിലെ ചാത്തൻതറ, അയിരൂർ പഞ്ചായത്തിലെ തടിയൂർ എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഗ്രാമപഞ്ചായത്തുകൾ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഒരുക്കിയിട്ടുള്ളതിനാൽ, അടിയന്തരമായി ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. വെച്ചൂച്ചിറ പഞ്ചായത്തിലെ ചാത്തൻതറയിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയിട്ടില്ല. അയിരൂർ പഞ്ചായത്തിൽ എടപ്പാവൂർ, അയിരൂർ എന്നീ സ്ഥലങ്ങളിൽ നിലവിൽ മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. പുതിയ മാവേലിസ്റ്റോർ അനുവദിക്കുമ്പോൾ നിലവിൽ മാവേലിസ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകൾക്കാണ് മുൻഗണന നൽകുന്നത്. പഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി സാമൂഹിക പരമായും വാണിജ്യപരമായും ഗുണകരമാണെങ്കിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കോടംതുരുത്ത് പഞ്ചായത്തിൽ മാവേലിസ്റ്റോർ

81 (1648) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് മാവേലിസ്റ്റോറുകൾ ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിന് നടപടി എടുക്കുമോ ;

(സി) കോടംതുരുത്ത് പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങണമെന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ; പ്രസ്തുത മാവേലി സ്റ്റോർ എന്നത്തേക്ക് തുടങ്ങാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ അരൂർ, എഴുപുന്ന, കുത്തിയതോട്, പട്ടണക്കാട്, കടക്കരപ്പള്ളി പഞ്ചായത്തുകളിൽ ഇപ്പോൾ മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കോടംതുരുത്ത് പഞ്ചായത്തിൽ മാവേലിസ്റ്റോർ അനുവദിച്ചിട്ടുണ്ട്. സപ്ലൈകോ ഇപ്പോൾ നേരിടുന്ന ജീവനക്കാരുടെ ലഭ്യതക്കുറവ് പരിഹരിച്ചാലുടനെ തന്നെ പുതിയ മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly